ശ്രീ. കെ. എ. ദാമോദരമേനോൻ: പൊതുവിൽ പറഞ്ഞാൽ കോർപ്പറേഷന്റെ മേൽനോട്ടത്തിൽ പുതിയ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടാക്കുന്നുണ്ട്. അവിടെ ഷെഡ്ഡുകൾ കെട്ടി ചെറുകിട വ്യവസായികൾക്ക് വാടകയ്ക്കു കൊടുക്കുന്നുണ്ട്. അവർക്ക് റോഡ്, ജലസേചനസൗകര്യം, ഇലക്ട്രിസിറ്റിയുടെ സൗകര്യം, റാ മെറ്റീരിയൽസ് വിതരണം ചെയ്യുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക, വിദഗ്ദ്ധോപദേശം കൊടുക്കുക ഇങ്ങനെയുള്ള കാര്യങ്ങളൊക്കെ പൊതുവിൽ പറഞ്ഞാൽ കോർപ്പറേഷൻ നിർവ്വഹിച്ചു വരുന്നുണ്ട്.

ശ്രീ. കെ. ഹസ്സൻഗനി: എന്റെ വീട്ടിനടുത്ത് എന്റെ വൈഫിന്റെ തന്നെ ഒരു കെട്ടിടം സ്വയം ഇൻഡസ്ട്രീസ് തുടങ്ങുന്നതിനുവേണ്ടി എടുത്തിട്ടുണ്ട്. ഒരു കൊല്ലമായി മാസം 150 ഉറുപ്പിക വാടകയായും തരുന്നുണ്ട്. ഇത് തുടങ്ങുന്നതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നില്ല എന്നതാണ് ആ ഇൻഡസ്ട്രീസ് തുടങ്ങുന്ന ആളുകളുടെ പരാതി. ഇങ്ങനെ ഒരു കൊല്ലമായി വളരെയേറെ പണം മുടക്കി രണ്ടരലക്ഷത്തോളം രൂപയുടെ മെഷിനറി കൊണ്ടുവന്നിട്ട് യാതൊന്നും തുടങ്ങാൻ സാധിക്കാത്ത സാഹചര്യം എങ്ങനെ ഉണ്ടായി; അതു സംബന്ധിച്ച് വേണ്ട നടപടികൾ എടുക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: ഞാൻ തീർച്ചയായും ഇതിനെപ്പറ്റി പരിശോധിക്കാം. ബഹുമാനപ്പെട്ട മെമ്പർ അക്കാര്യം എഴുതിത്തന്നാൽ അതിനെക്കുറിച്ച് അന്വേഷിക്കാം. അവിടെ മെഷിനറി വരുത്തുന്നതു് ഏതു് ഇൻഡസ്ട്രീസിനുവേണ്ടിയാണു് എന്നുകൂടി എഴുതി തന്നാൽ കൊള്ളാം.

റബ്ബർ ഫാക്ടറിയിലേക്ക് വാങ്ങിയ മെഷിനറി

* 624. [13] ശ്രീ. കെ. അനിരുദ്ധൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1953 ഏപ്രിൽ ഒന്നാം തീയതിക്കും 1963 മാർച്ച് 31-നും ഇടയിൽ വിദേശങ്ങളിൽനിന്നും തിരുവനന്തപുരം റബ്ബർ ഫാക്ടറിയുടെ ആവശ്യത്തിനുവേണ്ടി ഇറക്കുമതി ചെയ്തിട്ടുള്ള മെഷിനറികൾ എന്തെല്ലാം;

(ബി) ഏതെല്ലാം മെഷിനറികൾ ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്നു;

(സി) ഇതുവരെയും പ്രവർത്തിക്കാത്ത മെഷിനറികൾ ഏതെങ്കിലും ഉണ്ടോ;

(ഡി) ഉണ്ടെങ്കിലതിന്റെ കാരണമെന്തു്;

(ഈ) പ്രസ്തുത മെഷിനറികൾക്ക് എന്തു വില വരും?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ):

(എ) വിവരങ്ങൾ അടങ്ങിയ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു. *

(ബി) Three Roll Precision Calendar, Mixing Mill, Velo Auto Twin Press, Rubber Extrundar 150 m. m.

എന്നിവ ഒഴികെയുള്ള എല്ലാ മെഷിനുകളും പ്രവർത്തനത്തിലിരിക്കുന്നു.

(സി) ഉണ്ടു്.

(ഡി) Velo Auto Twin Press, Rubber Extrunder 150 m. m. എന്നീ മെഷിനുകൾ ഫാക്ടറിയിൽ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവയുടെ പ്രവർത്തനത്തിനാവശ്യമായ വിദ്യുച്ഛക്തി കിട്ടാത്തതുകൊണ്ടു് പ്രവർത്തനം നടത്താൻ സാധിച്ചിട്ടില്ല. ട്രീ ഫേസ് പ്രിസിഷൻ കലണ്ടർ, മിക്സിംഗ് മിൽ എന്നീ മെഷിനുകൾ ഘടിപ്പിക്കാനുള്ള സ്ഥലസൗകര്യക്കുറവു നിമിത്തം

* Placed in the Library.

LIBRARY ARCHIVES Kerala Legislative Assembly

പുതിയ ഒരു കെട്ടിടം പണിയാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിമാനത്താവള വികസനത്തിനു് തടസമുണ്ടാകാത്ത രീതിയിൽ പുതിയ കെട്ടിടം കെട്ടുന്നകാര്യം പരിഗണനയിലിരിക്കുകയാണു്. കെട്ടിടം പണി പൂർത്തിയായാൽ മെഷീനുകൾ ഘടിപ്പിച്ചു് പ്രവർത്തനം ഉടനെ ആരംഭിക്കുന്നതുമാണു്.

(ഈ) ഇപ്പോൾ പ്രവർത്തനമില്ലാത്ത മെഷീനുകൾക്കെല്ലാംകൂടി 4,52,500 രൂപ വിലവരും.

ശ്രീ. ടി. സി. നാരായണൻ നമ്പ്യാർ: ലീസ്റ്റു് മേശപ്പുറത്തു് വച്ചിട്ടുണ്ടെന്നു പറഞ്ഞു. അതു് ബഹുമാനപ്പെട്ട മന്ത്രിയുടെ മേശപ്പുറത്താണെന്നതിൽ സംശയമില്ല. ഞങ്ങളുടെ മേശപ്പുറത്തു കാണുന്നില്ല. ഏതായാലും ഇവിടെ ചില യന്ത്രോപകരണങ്ങൾ റബ്ബർ ഫാക്ടറിക്കുവേണ്ടി വാങ്ങിയിട്ടുണ്ടെന്നു പറഞ്ഞു. ചിലതു് ഇലക്ട്രിസിറ്റി കിട്ടാത്തതുകൊണ്ടു് വർക്കു ചെയ്യുന്നില്ല, ചിലതിന്റെ മെഷീൻ വർക്കു ചെയ്യുന്നില്ല. ഇവിടെ വാങ്ങിയിട്ടുള്ളതിൽ എത്ര ഉപകരണങ്ങൾ ഉപയോഗിക്കുന്നുണ്ടു്. എത്ര എണ്ണം നിരന്തരമായി ഉപയോഗിക്കാതെ കിടപ്പുണ്ടു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: അതാണു് ഞാൻ വായിച്ചതു്. Three Roll Precision Calender, Mixing Mill, Velo Auto Twin Press, Rubber Extrunder 150 m. m. എന്നിവ ഒഴികെയുള്ള എല്ലാ മെഷീനുകളും പ്രവർത്തനത്തിലിരിക്കുന്നു.

ശ്രീ. ടി.സി. നാരായണൻ നമ്പ്യാർ: സ്പെയർ പാർട്ട്സ് ഇല്ല എന്നുള്ള കാരണത്താൽ പ്രവർത്തിക്കാതെ കിടക്കുന്ന എത്ര ഉപകരണങ്ങളുണ്ടു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: പാർട്ട്സ് ഇല്ല എന്നുള്ള കാരണംകൊണ്ടു് ഒന്നും പ്രവർത്തിക്കാതെ കിടക്കുന്നതായി വിവരം ഇല്ല. ഞാൻ പറഞ്ഞ കാരണങ്ങൾകൊണ്ടു്, അതായതു് വിദഗ്ദ്ധശക്തി കിട്ടാനുള്ള പ്രയാസം, മെഷീനുകൾ ഘടിപ്പിക്കാനുള്ള സ്ഥലദൗർലഭ്യം എന്നിവകൊണ്ടു് ചില മെഷീനുകൾ പ്രവർത്തിക്കാതിരിക്കുന്നുണ്ടു്. അതു് ഉടനെ പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരികയാണു്.

ശ്രീ. ഈ. പി. ഗോപാലൻ: ഫാക്ടറിക്കുവേണ്ട മെഷീനു് ആർഡർ ചെയ്തതു് ആരാണു്; എന്തിന്റെ അടിസ്ഥാനത്തിലാണു് ആർഡർ ചെയ്തതു്. മോഹം കൊണ്ടുമാത്രം കുറെ മെഷീനു് ആഡർ ചെയ്തു് അതു് എപ്പോഴെങ്കിലും കിട്ടുമ്പോൾ നടത്താമെന്നു് വിചാരിച്ചാണോ ആർഡർ ചെയ്തതു്?

ശ്രീ. കെ. എ. ദാമോദരമേനോൻ: മൂന്നു നാലു പ്രാവശ്യം പ്രോദിച്ചു. മോഹമുണ്ടു്. വ്യവസായങ്ങൾ നടത്തണമെന്നുള്ള മോഹമുണ്ടു്. വിദഗ്ദ്ധശക്തി കിട്ടി ഇതിന്റെ പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്താൻ സാധിക്കുമെന്നു കണ്ടതുകൊണ്ടു് വാങ്ങിയതാണു്.

ശ്രീ. സി. അച്യുതമേനോൻ: മെഷീൻ വയ്ക്കാൻ സ്ഥലമില്ലെന്നു പറഞ്ഞു. മെഷീനു് ആർഡർ ചെയ്യുന്ന അവസരത്തിൽ ഇവിടെ ഇപ്പോഴുള്ള കെട്ടിടം മതിയാവുകയില്ല വേറെ കെട്ടിടം വേണ്ടിവരുമെന്നു് മുൻകൂട്ടി കാണാനും അതനുസരിച്ചു് ആർഡർ ചെയ്യാനും വിവരമില്ലാത്ത ആളാണോ റബ്ബർ ഫാക്ടറി നടത്തുന്നതു്. അങ്ങനെയാണെങ്കിൽ ആ ആളിനെ മാറ്റുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. കെ. എ. ദാമോദരമേനോൻ: വളരെ ധൃതഗതിയിലുള്ള ഒരു നിഗമനത്തിലാണു് ബഹുമാനപ്പെട്ട മെമ്പർ എത്തിയതു്. ഈ മെഷീൻ വരുത്തിയപ്പോഴേതന്നെ അതിനാവശ്യമായ കെട്ടിടം പണിചെയ്യാനുള്ള ഏർപ്പാടുകൾ ചെയ്തുതുടങ്ങിയിട്ടുണ്ടു്. തൊട്ടടുത്തു് Air Port സ്ഥിതി ചെയ്യുന്നതിനാൽ വലിയ വിമാനങ്ങൾ വന്നിറങ്ങുന്നതിനു തടസമില്ലാത്ത രീതിയിൽ കെട്ടിടം കെട്ടാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഇതുകൊണ്ടാണു് കുറെ കാലതാമസം വന്നതു്.

LIBRARY ARCHIVES Kerala Legislative Assembly